ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്.

9.30 a.m.] * * * * * * * * ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നും വിശദീകരണം ഉണ്ടാകണം.

മി.ഡെപ്യൂട്ടി സ്പീക്കർ: അത് രേഖയിൽ കാണുകയില്ല. (. . ബഹളം. . .)

II. അടിയന്തിരപ്രമേയം

കർഷകരുടെ ആത്മഹത്യ

മി. ഡെപ്യൂട്ടി സ്പീക്കർ: കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി വയനാട് ജില്ലയിൽ വാസു, ജോണി, രാമചന്ദ്രൻ, പാലക്കാട് ജില്ലയിൽ രാഘവൻ, തിരുവനന്തപുരത്ത് സത്യൻ എന്നീ അഞ്ചു കർഷകർകൂടി ആത്മഹത്യ ചെയ്തിരിക്കുന്നു. വിലത്തകർച്ചയും വിളനാശവുംമൂലം കാർഷിക കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിൽപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരമോ ദുരിതാശ്വാസ സഹായങ്ങളോ ലഭിക്കാത്തതിനാൽ ജീവിതം ഗതിമുട്ടി കർഷകർ കൂട്ടത്തോടെ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുമ്പോൾ, സംസ്ഥാനത്ത് കർഷകരുടെ ആത്മഹത്യ ഉണ്ടായിട്ടില്ലെന്ന് കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചതിനെത്തുടർന്ന് കേന്ദ്ര ഗവൺമെന്റിൽനിന്നും കൃഷിക്കാർക്ക് ധനസഹായം ലഭിക്കുന്നതിന് തടസ്സമായിരിക്കുന്നു. ആത്മഹത്യകൾ മറച്ചുവച്ച് കേന്ദ്ര സഹായം നഷ്ടപ്പെടുത്തിയതോടുകൂടി ഇതിനകം ആത്മഹത്യ ചെയ്ത ആയിരത്തോളം കൃഷിക്കാരുടെ കുടുംബങ്ങളിലും ദുരിതത്തിലായ ലക്ഷക്കണക്കിന് കൃഷിക്കാരിലും ഉളവായിരിക്കുന്നതായി പറയപ്പെടുന്ന കടുത്ത ആശങ്കയും കാർഷിക പ്രതിസന്ധിയും സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ. പി.രാജേന്ദ്രൻ, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. കെ. സി. ജോസഫ്, ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ.ഗൗരിയമ്മ): സർ, കൃഷിവകുപ്പിൽനിന്നും കേന്ദ്ര ഗവൺമെന്റിനെ അങ്ങനെയൊരു വിവരം അറിയിച്ചിട്ടില്ല. ഇവിടെ മരണം സംഭവിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടില്ല. കഴിഞ്ഞ ദിവസം ശ്രീ.കെ.പി. രാജേന്ദ്രൻ ഇവിടെ ഉന്നയിച്ചപ്പോൾ അതിന് മറുപടി എന്നുള്ള നിലയിൽ ഞാൻ പറഞ്ഞതാണ്. ചോദ്യം ഇതായിരുന്നു. (a) Whether cases of suicide by farmers on the country particularly in Andra Pradesh and Kerala have increased during the last six months.(. . .ബഹളം . . .) കഴിഞ്ഞ ആറു മാസത്തിനിടയിൽ എന്തുമാത്രം ആത്മഹത്യകൾ കേരളത്തിലും ആന്ധ്രാപ്രദേശിലും വർദ്ധിച്ചിട്ടുണ്ട് എന്നുള്ളതാണ് ചോദ്യം. ആ ചോദ്യത്തിന് ഞാൻ മറുപടി കൊടുത്തത്, As far as Kerala is concerned the following information is furnished. Although there had been some reports in the media about cases of suicide by farmers, these are not confirmed because the nature of death can be conclusively ascertained only after detailed investigation by the Police in each of these cases. So it cannot be said at this stage that there had been any increase in the cases of suicides by the farmers, in Kerala, during the last six months. Details are being collected.

***സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയാണ് മറുപടി കൊടുത്തത്. അത് കഴിഞ്ഞ ദിവസം മേശപ്പുറത്ത് വച്ചതാണ്. നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ കൊടുത്തതായിരുന്നു. ഒരുകാരണവശാലും കേരളത്തിലെ കൃഷിക്കാർക്ക് കിട്ടാനുള്ള തുകകൾ കിട്ടുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ട് ഈ മറുപടികൊണ്ടുണ്ടാകുകയില്ല. കൃഷിക്കാർ ഒരുപാട് ബുദ്ധിമുട്ടിൽക്കൂടി കടന്നുപോകുകയാണ്, ഇല്ലെന്ന് പറയുന്നില്ല. കുറെക്കാലമായി ഡബ്ല്യു. ടി. ഒ. വന്നുകഴിഞ്ഞതിനുശേഷമുണ്ടായ വിലയിടിവുമൂലം കഷ്ടപ്പെട്ട കൃഷിക്കാർക്ക് ഒരു ആശ്വാസ നടപടിയും മുൻ ഗവൺമെന്റ് ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് കാർഷിക ഉല്പന്നങ്ങൾക്ക് വില കൂടിയത്. റബ്ബറിനും, നാളികേരത്തിനും, നെല്ലിനും കൂടി. അത് കഴിഞ്ഞാണ് ഡ്രൗട്ട്, വെള്ളപ്പൊക്കം ഇതെല്ലാം ഉണ്ടായത്. കൃഷിക്കാരന് ഒരുപാട് ബുദ്ധിമുട്ടുകൾ ഇവ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് കൃഷിക്കാർക്ക് ദുരന്തമൊന്നുമില്ലായെന്നുള്ള വിധത്തിലും കൃഷിക്കാർ മരിച്ചിട്ടില്ലായെന്നും കേന്ദ്ര ഗവൺമെന്റിനെ ഈ ഗവൺമെന്റ് അറിയിച്ചിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട ശരത്പവാറിന് അദ്ദേഹം തന്ന ചോദ്യവും അതിന്റെ ഉത്തരവും വച്ചുകൊണ്ട് ഒരു എഴുത്തും എഴുതിയിട്ടുണ്ട്. എന്തുകൊണ്ട് മറ്റ് വിധത്തിൽ പറഞ്ഞുവെന്ന് ഈ ഗവൺമെന്റിന് അറിയില്ല. ആ വിധത്തിൽ അറിയിച്ചിട്ടുമില്ല. രണ്ടു ദിവസമായി മരിച്ചതിന്റെ കണക്കുകൾ ഇന്നലെ കിട്ടിയിട്ടുണ്ട്. വയനാട്ടിൽ മുപ്പത്തിമൂന്നു മരണമാണ് പറഞ്ഞിരിക്കുന്നത്. അതിൽ രാമചന്ദ്രന്റെ മരണത്തെക്കുറിച്ച് അവിടുത്തെ കളക്ടർക്ക് വിവരമില്ല. അദ്ദേഹം അന്വേഷിച്ചതിനുശേഷം മാത്രമേ പറയാൻ പറ്റുകയുള്ളു എന്നാണ് അറിയിച്ചിരിക്കുന്നത്. കുതാടി പഞ്ചായത്തിൽ വാസുവിന് 0.3035 ഏക്കർ സ്ഥലത്ത് പെപ്പർ, കാപ്പി, അടയ്ക്ക തുടങ്ങിയ കൃഷി ഉണ്ടായിരുന്നു. അദ്ദേഹം സൗത്ത് മലബാറിലെ ഗ്രാമീണ ബാങ്കിൽനിന്ന് 25,000 രൂപ കടമെടുത്തതായിട്ടാണ് അറിയുന്നത്. സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൽനിന്ന് എടുത്ത കടത്തിന്റെ റിക്കവറി തടഞ്ഞിട്ടുണ്ട്. സാധാരണയുള്ള കടം മീഡിയം ടേമാക്കിയും മീഡിയം ടേം ലോംഗ് ടേമാക്കിയും കൺവെർട്ട് ചെയ്യുകയും ഒരു കൊല്ലം കഴിഞ്ഞതിനുശേഷം ഗഡുക്കളായി അടയ്ക്കുന്നതിനുവേണ്ടിയുള്ള ഓർഡർ ഇഷ്യൂ ചെയ്യുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം മരിച്ചത് കടത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണോയെന്നുള്ളത് ഇൻക്വസ്റ്റിൽ പറഞ്ഞിട്ടില്ല. ഏതായാലും അദ്ദേഹം 25,000 രൂപ ഗ്രാമീണ ബാങ്കിൽനിന്ന് കടമെടുത്തിട്ടുണ്ട്. സത്യൻ, തിരുവനന്തപുരം 1.80 ഏക്കർ സ്ഥലത്ത് വാഴയും പച്ചക്കറി കൃഷിയും നടത്തിയിരുന്നു. അദ്ദേഹം എസ്.ബി.ടി.-യിൽ നിന്നും 25,000 രൂപ കടമെടുത്തിരുന്നു. ആ കടം അടച്ചിട്ടില്ല. കുടിശ്ശികയാണ്. അതിനും പുറമേ മൈത്രി ഭവനപദ്ധതിപ്രകാരവും അദ്ദേഹം കടമെടുത്തിരുന്നു. അതിലും കുടിശ്ശികയുണ്ട്. ഏതായാലും അദ്ദേഹം മരിച്ചു. കടം കൊണ്ടാണ്, കുടിശ്ശിക ഉണ്ടായിരുന്നതിന്റെ വേദനയിലാണ് അദ്ദേഹം മരിച്ചതെന്നാണ് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞത്. പാലക്കാട് ജില്ലയിൽ മരിച്ച ആൾ കടത്തിന്റെ പേരിൽ മരിച്ചതല്ല. പീടികക്കാരനുമായുണ്ടായ വഴക്കിന്റെ പേരിൽ തമ്മിൽ തല്ലിയതിന്റെ അടിസ്ഥാനത്തിൽ വീട്ടിൽ വഴക്കിട്ടതിന്റെ പേരിൽ വീട്ടിലെ കലഹത്തിൽ മരിച്ചതാണ് എന്നാണ് റിപ്പോർട്ട്. പിന്നെ വയനാടിലുള്ള കൃഷിക്കാരൻ ഒരു മെന്റൽ പേഷ്യന്റാണ്. പക്ഷെ അദ്ദേഹത്തിന് കടമുണ്ട്. എടുത്ത കടം അടച്ചിട്ടുമില്ല. 2001-ൽ എടുത്തതാണ്. അത് കൊടുത്തു തീർത്തിട്ടില്ല. കടത്തിന്റെയടിസ്ഥാനത്തിൽ ദു:ഖത്തിലായിരിക്കും മരിച്ചത്. ഇൻക്വസ്റ്റിൽ സൂയിസൈഡ് ചെയ്തു എന്നുള്ളതേയുള്ളു. ഇതാണ് കിട്ടിയിരിക്കുന്ന റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർ ഒരുപാട് പ്രതിസന്ധിയിൽകൂടി കടന്നു പോവുകയാണ്. 1995-ൽ ഡബ്ലിയു. ടി. ഒ. കരാർ ഒപ്പുവച്ചതാണ്. വില കുറവുകൾ അതിനുശേഷം 1998 മുതൽ തുടങ്ങിയതാണ്. വിലക്കുറവ് മാറ്റുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും എടുക്കാത്തവർ കർഷകപ്രേമം നടിച്ച് സമരവും ലഹളയുമാണ്. ചില കാർഷിക ഉൽപ്പന്നങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഒരു കാലത്തും ഇല്ലാത്തതായിട്ടുള്ള ഡ്രൗട്ടും അത് കഴിഞ്ഞ് ചില പ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഇതെല്ലാം ഈ പ്രാവശ്യം ഉണ്ടായി. കൃഷിക്കാർ ഒരുപാട് ബുദ്ധിമുട്ടിലാണ്. കൃഷിക്കാർ ഗവൺമെന്റിൽനിന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽനിന്നുവാങ്ങിയ കടങ്ങളും ഒരു കൊല്ലത്തേക്ക് ഈടാക്കൽ stay ചെയ്തത് പലിശ പിഴപ്പലിശ എന്നിവ ഗവൺമെന്റ് കൊടുക്കും. കടത്തിന്റെ തോത് കുട്ടിക്കിട്ടുന്നതിനുവേണ്ടി നബാഡിനോടും അതുപോലെ കൊമേഴ്ഷ്യൽ ബാങ്കുകളോടും ഈ ഗവൺമെന്റ് അഭ്യർത്ഥിക്കുകയാണ്. അവർക്ക് പലിശ കുറച്ച് കിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഞാൻ മുൻപ് പറഞ്ഞതുപോലെ സാധാരണ കടങ്ങൾ മീഡിയം ടേം ആക്കാനും അതുപോലെ മീഡിയം ടേം ലോൺ ദീർഘകാല വായ്പയായി മാറ്റി ഒരു കൊല്ലത്തിനുശേഷം അത് ഗഡുക്കളാക്കി അടയ്ക്കുന്നതിനുമുള്ള നടപടികളും എടുക്കുന്നുണ്ട്. എവിടെയെല്ലാം കൃഷിക്കാർ ബുദ്ധിമുട്ടുന്നോ ആ കൃഷിക്കാരെ സഹായിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കും, ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ സംഭവത്തിന്റെ ഗൗരവം ഒട്ടും തന്നെ ഉൾക്കൊള്ളാത്ത ഒരു വിശദീകരണമാണ് ഇവിടെ നൽകിയത്. ഇവിടെ കഴിഞ്ഞ മൂന്ന് ദിവസമായി ആറ് കൃഷിക്കാർ കാർഷികകടം കൊണ്ട് തന്നെ ആത്മഹത്യ ചെയ്തു. ശരാശരി ഒരു ദിവസം രണ്ട് കൃഷിക്കാർ വീതമാണ് മൂന്ന് ദിവസത്തിനുള്ളിൽ ആത്മഹത്യ ചെയ്തത്, വയനാട് ജില്ലയിൽ പുത്തടിയിലെ വാസു, മുള്ളംകൊല്ലിയിലെ ജോണി, തൊണ്ടർനാട്ടിലെ രാമചന്ദ്രൻ, പാലക്കാട് ജില്ലയിലെ കുഴൽമന്ദം മണ്ഡലത്തിലെ രാഘവൻ, തിരുവനന്തപുരം ജില്ലയിൽ കോവളം മണ്ഡലത്തിലെ സത്യൻ, തിരുവനന്തപുരത്തു തന്നെ അങ്ങയുടെ മണ്ഡലത്തിൽപ്പെട്ട പാറശ്ശാല കുന്നത്തുകാലിൽ ബാലൻ നാടാരുടെ മകൻ സോമനും മരിച്ചതായിട്ട് പത്രത്തിൽ റിപ്പോർട്ട് കണ്ടു. വേലായുധൻ എന്ന് പറയുന്ന ആൾ കോട്ടായിൽ കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്ക് മുൻപ് ആത്മഹത്യ ചെയ്ത ഒരു കോൺഗ്രസുകാരനായ കൃഷിക്കാരനാണ്. അങ്ങനെ കൃഷിക്കാരുടെ ആത്മഹത്യയുടെ ഒരു പരമ്പരയാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. വയനാട് ജില്ലയിൽ മാത്രം ഇതിനകം ഒരു കൊല്ലം കൊണ്ട് 98 കൃഷിക്കാർ കാർഷിക കടം തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മഹത്യ ചെയ്തു എല്ലാ പത്രങ്ങളും കൃഷിക്കാരുടെ ആത്മഹത്യയുടെ ദയനീയമായ കഥകളുമായിട്ടാണ് പുറത്തിറങ്ങുന്നത്. കടബാദ്ധ്യതമൂലം 2 കൃഷിക്കാർ കൂടി ജീവനൊടുക്കി എന്ന് മാതൃഭൂമി പത്രത്തിൽ വന്നു. ഇന്നലത്തെ മലയാള മനോരമയിൽ വന്നത് ജീവനൊടുക്കിയ കർഷകർ 100-ൽ ഏറെ. അതിൽ കോഴിക്കോട് ജില്ലയിൽ 59 കൃഷിക്കാരും കണ്ണൂരിൽ 6 കൃഷിക്കാരും പാലക്കാട് 2 പേരും തൃശൂരിൽ 2 പേരും ജീവനൊടുക്കി എന്നാണ് റിപ്പോർട്ട് വന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കർഷക ആത്മഹത്യയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടില്ല എന്ന് ഒരു വലിയ റിപ്പോർട്ട് തന്നെ ഇന്ന് ദീപിക പ്രസിദ്ധീകരിച്ചു. ഇന്നലത്തെ ദീപികയിൽ ശ്രീമതി കെ. ആർ ഗൗരിയമ്മയുടേയും ശ്രീ. കെ. ശങ്കരനാരായണന്റേയും ശ്രീ. എ. കെ. ആന്റണിയുടേയും ഒരു കാർട്ടൂൺ കൊടുത്തിട്ടുണ്ട്. കണ്ടില്ല, കേട്ടില്ല, പറയില്ല. ഈ ഗവൺമെന്റിന്റെ അവസ്ഥ എന്താണെന്ന് ഈ പത്രം തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്ങനെ പ്രധാനപ്പെട്ട എല്ലാ പത്രങ്ങളിലുമുണ്ട്. അതിന്റെ ഗൗരവത്തെക്കുറിച്ച് നമ്മുടെ രാജ്യത്തിന്റെ ശ്രദ്ധ ഇതിനകം തന്നെ ക്ഷണിച്ചു വരുത്തിയിരിക്കുകയാണ്. എന്നിട്ടും നമ്മുടെ ഗവൺമെന്റ് ഉണർന്നില്ല എന്ന് പറഞ്ഞാൽ ഇവിടെ ഒരു കൃഷി വകുപ്പ് ഉണ്ടോ എന്നാണ് എനിക്ക് സംശയം. ഇവിടെ ആത്മഹത്യ ചെയ്ത കൃഷിക്കാരൊന്നും കാർഷിക കടം കൊണ്ടല്ല മരിച്ചതെന്നും അത് ഇൻക്വസ്റ്റ് റിപ്പോർട്ടിനകത്ത് ഇല്ല എന്നും ശ്രീമതി ഗൗരിയമ്മ പറഞ്ഞു. എനിക്ക് മനസ്സിലാകുന്നില്ല സർ. ശ്രീമതി ഗൗരിയമ്മ ഒരു അഭിഭാഷക ആയിരുന്നില്ലേ? ഇൻക്വസ്റ്റ് റിപ്പോർട്ട് എന്ന് പറഞ്ഞാൽ ദേഹപരിശോധനാ റിപ്പോർട്ട് അല്ലേ? ദേഹപരിശോധന റിപ്പോർട്ടിന്റെ മുകളിൽ ആരെങ്കിലും കടം എന്ന് എഴുതി വയ്ക്കുമോ? എന്തുകൊണ്ടാണ് ഇങ്ങനെ ഒരു വിശദീകരണം ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ ഭാഗത്തുനിന്നും ഉണ്ടായത്? ഇൻക്വസ്റ്റിനകത്ത് ഇല്ല എന്ന് പറഞ്ഞുകൊണ്ട് കർഷകർ കാർഷിക കടങ്ങൾ കൊണ്ടല്ല മരിച്ചത് എന്ന് വരുത്താനുള്ള ശ്രമം അപഹാസ്യമാണ് എന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. മന്ത്രി പറഞ്ഞത് എഫ്.ഐ.ആറിനകത്ത് അത് ഉണ്ടായില്ല എന്നാണ്. ആരെങ്കിലും എഫ്. ഐ. ആറിനകത്ത് കടം എന്ന് എഴുതി വയ്ക്കാറുണ്ടോ? ഇങ്ങനെ ഒരു വിശദീകരണം കൊടുത്ത് തടി തപ്പാൻ ശ്രമിക്കുന്നത് എന്തുകൊണ്ടാണ്? ഇവിടെ ഓരോ ദിവസവും ആത്മഹത്യകൾ ഉണ്ടായിട്ടും സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് കൊടുത്തപ്പോഴാണ് അത് സംബന്ധിച്ച് പ്രശ്നം ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ഈ നിയമസഭയിൽ 19-1-2004-ൽ ഒരു ചോദ്യം ചോദിച്ചു. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത് കഴിഞ്ഞ രണ്ടു കൊല്ലം കൊണ്ട് ആത്മഹത്യ ചെയ്തത് 25,286 ആളുകൾ എന്നാണ്. സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുംമൂലം 801 കൃഷിക്കാരും മറ്റ് കട ബാദ്ധ്യതകൾമൂലം 70 പേരും ആത്മഹത്യ ചെയ്തു എന്നാണ് ഈ നിയമസഭയിൽ നൽകിയ ഉത്തരം. അതിന് വിരുദ്ധമായി എങ്ങനെയാണ് കേന്ദ്രത്തിൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് കൊടുത്തത്? ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വി. രാഘവൻ വയനാടിൽ പോയി കാർഷിക കടം കൊണ്ട് മരണപ്പെട്ട 11 കൃഷിക്കാരുടെ കുടുംബങ്ങൾക്ക് സഹായധനം കൊടുത്തു. ഒരു കുടുംബത്തിന് 50,000 രൂപ വീതമാണ് കൊടുത്തത്. സംസ്ഥാനത്തെ ഒരു മന്ത്രി തന്നെ പോയി മരിച്ച കുടുംബങ്ങൾക്ക് 50,000 രൂപ വീതം കൊടുത്തിരിക്കെ, കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ എന്തുകൊണ്ട് ഇത് പറഞ്ഞില്ല? സംസ്ഥാന കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത് പവാറിന് അയച്ച റിപ്പോർട്ടിൽ മരിച്ചു എന്നുള്ള കാര്യം പറയാത്തത് എന്തുകൊണ്ടാണ്? അതാണ് ഈ നിയമസഭയ്ക്ക് അറിയേണ്ടത്. എന്തിനാണ് മരിച്ച കാര്യം മൂടിവച്ചത്? ലോക്സഭയിൽ ബഹുമാന്യരായ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർമാർ ജൂലൈ 5-ന് ഉന്നയിച്ച "Whether cases of suicide by farmers in the country particularly in Andhra Pradesh and Kerala have increased during the last six months?" എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ലോക്സഭയിൽ ഉത്തരം നൽകിയ കൂട്ടത്തിൽ ആന്ധ്രയിൽ 291 പേർ ആത്മഹത്യ ചെയ്ത കാര്യം ആന്ധ്രാ ഗവൺമെന്റ് അറിയിച്ചു എന്ന് അവർ പറഞ്ഞു, എന്നിട്ട് അദ്ദേഹം പറഞ്ഞു, However no case of suicide by farmers has been reported by the State Government of Kerala for the above periods എന്ന്. എന്തിനാണ് സർ ഇത് മൂടിവച്ചത്? ലോക്സഭയിൽ പറഞ്ഞ ഉത്തരത്തിനകത്ത് കടബാദ്ധ്യതയുടെ കാര്യത്തിൽ മാത്രം കൃഷിക്കാർ ആത്മഹത്യ ചെയ്തു എന്നല്ല ഉൾപ്പെടുത്തിയിരിക്കുന്നത്. വിളനാശം, അമിത പലിശ കൊണ്ടുള്ള കടബാദ്ധ്യത, വരൾച്ച, സാമൂഹിക സാമ്പത്തിക അരക്ഷിതത്വം കുടുംബവഴക്ക്, വിവാഹ ജീവിതത്തിലെ അസ്വാരസ്യങ്ങൾ, ഇതെല്ലാംതന്നെ കൃഷിക്കാരുടെ ആത്മഹത്യക്ക് കാരണമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കേരളത്തിൽ നടന്ന ആത്മഹത്യകൾ മുഴുവൻ ഈ പട്ടികയിൽപ്പെടുന്നതാണ്. ആറു മാസത്തിനിടയിൽ കർഷകരുടെ ആത്മഹത്യ ഉണ്ടായിട്ടില്ലെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചത് വാസ്തവ വിരുദ്ധമാണ്. ആറു മാസത്തിനിടയ്ക്ക് ഈ കേരളത്തിന്റെ വിവിധ ജില്ലകളിലായി മുന്നോറോളം കൃഷിക്കാർ ആത്മഹത്യ ചെയ്തു. ഈ കാര്യം മൂടിവച്ച സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് കാരണം കേരളത്തിന് കിട്ടേണ്ടുന്ന കേന്ദ്ര ഗവൺമെന്റിന്റെ സഹായം ഇല്ലാതാക്കി ഇങ്ങനെ ഒരു റിപ്പോർട്ട് ലോക്സഭയിൽ ഉദ്യോഗസ്ഥൻമാർ നേരിട്ട് അയയ്ക്കുന്നതല്ല. മന്ത്രി അറിയാതെ ഈ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് പോകില്ല. മന്ത്രി അറിഞ്ഞുകൊണ്ട് ഇങ്ങനെ കേരളത്തിൽ ആത്മഹത്യ നടന്നിട്ടില്ല എന്ന റിപ്പോർട്ട് അയച്ചു. കേരളത്തിലെ കൃഷിക്കാർക്ക് സഹായം നഷ്ടപ്പെടുന്നതിന്റെ ഉത്തരവാദി ബഹുമാനപ്പെട്ട ഗൗരിയമ്മയാണ്. ഇങ്ങനെ ഒരു നിലപാട് സ്വീകരിച്ച ഗൗരിയമ്മയ്ക്ക് ആ സ്ഥാനത്ത് ഒരുനിമിഷംപോലും തുടരാൻ അർഹതയില്ല. അതുകൊണ്ട് കൃഷിവകുപ്പുമന്ത്രി രാജിവയ്ക്കണം. കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന കൃഷിക്കാരുടെ മനസ്സിനകത്ത് ഇന്ന് തീയാണ്. കേരളത്തിൽ ഇന്ന് കൃഷിനാശം കാരണം എത്ര വലിയ നഷ്ടം ആണ് ഉണ്ടായിരിക്കുന്നത്? വരൾച്ച കാരണം വിളവൊക്കെ നശിച്ചുപോയി. 2002-2003-ൽ മാത്രം ഈ കേരളത്തിൽ 121 കോടി 83 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്ന് നിയമസഭയിൽ പറഞ്ഞു. 2003-2004-ൽ ആകട്ടെ 625 കോടി 27 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്ന് നിയമസഭയിൽ പറഞ്ഞിരുന്നു. എന്നിട്ട് ഇത്രയും കാലമായി കൃഷിക്കാർക്ക് കൊടുത്തത് വെറും രണ്ടു കോടി രൂപയാണ്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് പറയുന്നു, എല്ലാ നടപടികളും സ്വീകരിച്ചു, ഇനി ഞങ്ങൾക്ക് ഒന്നും ചെയ്യാനില്ല എന്ന്. ആത്മഹത്യ ചെയ്യുന്ന കർഷക കുടുംബങ്ങളെ ഇവർ പരിഹസിക്കുകയാണ്. ശ്രീ. ശങ്കരനാരായണൻ ചോദിച്ചു, വിഷം കഴിച്ച് മരിക്കുന്നവനൊക്കെ കർഷകനാണോയെന്ന്? ധനകാര്യമന്ത്രിയുടെ ചോദ്യമാണ്. ഗൗരിയമ്മയുടെ ഇന്നലത്തെ ഒരു പ്രസംഗം കേട്ടു, ആത്മഹത്യ ചെയ്യരുത്, സ്വയം പോരാടു, എന്ന്. മരിക്കാൻ പോകുന്നവനോടാണ് ഈ ഉപദേശം. റവന്യൂ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞു, കൃഷിക്കാരന്റെ മന്ത്രിയാണ്, അദ്ദേഹം പറഞ്ഞത് എന്താണ്? കേരളത്തിൽ ധാരാളം ആളുകൾ മരിക്കുന്നുണ്ട്, കൂടുതൽപേരും കൃഷിക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ആയതുകൊണ്ട് അതിൽ കൃഷിക്കാരും പെടും. കേരളത്തിലെ കർഷകരുടെ മനസ്സുള്ള ഒരു മന്ത്രിയെങ്കിലും നമ്മുടെ സംസ്ഥാന നിയമസഭയിലുണ്ടോ? കൃഷിക്കാരനുവേണ്ടി എല്ലാം ചെയ്തു എന്നുപറയുന്ന ഒരു മന്ത്രിസഭയാണ്. കേരളത്തിലെ കൃഷിക്കാർക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നു കിട്ടുമായിരുന്ന ആനുകൂല്യം പോലും ചോദിച്ചുവാങ്ങാൻ കഴിയാത്ത വിധത്തിൽ കേരളത്തിലെ കാർഷിക മേഖലയെ പ്രതിസന്ധിയിൽ ആക്കിയിരിക്കുകയാണ്. വയനാട് ജില്ലയിൽ ഇപ്പോൾ പോയാൽ മരവിച്ച കർഷക ഭവനങ്ങളാണ് കാണാൻ കഴിയുന്നത്. മിനിഞ്ഞാന്ന് ആത്മഹത്യ ചെയ്ത ജോണിയുടേയും വാസുവിന്റേയും ഭവനങ്ങൾ ഞാൻ സന്ദർശിച്ചു. ആ കർഷക കുടുംബങ്ങളിൽ പോയാൽ കർഷകന്റെ കരളലിയിക്കുന്ന ദയനീയ സ്ഥിതി നമുക്ക് കാണാൻ സാധിക്കും. സർ, വയനാട്ടിൽ ഒരു കൊല്ലം കൊണ്ട് 98 കൃഷിക്കാർ മരിച്ചിട്ട് മന്ത്രി എന്തുകൊണ്ട് വയനാട്ടിൽ പോയില്ല? 98 കൃഷിക്കാർ മരിച്ച ഒരു സ്ഥലത്തുപോലും പോകാൻ കഴിയാത്ത ഒരു കൃഷിവകുപ്പുമന്ത്രിയാണ് ഇവിടെ കൃഷിവകുപ്പ് കൈകാര്യം ചെയ്യുന്നത്. ആന്ധ്രയിൽ 291 കൃഷിക്കാർ മരിച്ചുവെന്ന് റിപ്പോർട്ട് കിട്ടിയപ്പോൾ പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗ് ആന്ധ്രയിലേക്ക് പോയി, 291 കൃഷിക്കാർ മരിച്ചുവെന്ന് കേട്ടപ്പോൾ പ്രധാനമന്ത്രിക്ക് ആന്ധ്രയിലേക്ക് പോകാം, സംസ്ഥാനത്തെ കൃഷിവകുപ്പ് മന്ത്രിക്ക് വയനാട്ടിൽ പോയിക്കൂടാ. കർഷകർ ആത്മഹത്യ ചെയ്യുമ്പോൾ നോക്കി നിൽക്കുന്ന ഒരു മന്ത്രിസഭയുടെ ദയനീയ മുഖമാണ് നമ്മൾ കണ്ടത്. വയനാട്ടിലെ കാപ്പികൃഷിക്കാരുടെ കാപ്പിത്തോട്ടം മുഴുവൻ ഉണങ്ങി, യാതൊരു ഗതിയും ഇല്ലാതായി. കുരുമുളക് കൃഷി ചെയ്ത കൃഷിക്കാരെ മുഴുവൻ തകർത്തു. അവർക്ക് എന്ത് ആശ്വാസമാണ് ഈ ഗവൺമെന്റ് കൊടുത്തത്? അതുകൊണ്ട് ഇനി വാക്കുകൾ ഞങ്ങൾക്ക് കേൾക്കണ്ട, ഈ കാർഷിക കടം മുഴുവൻ എഴുതിത്തള്ളണം കാർഷിക കടം എഴുതിത്തള്ളാത്തിടത്തോളം കാലം ഹ്രസ്വകാലവായ്പ ദീർഘകാല വായ്പയാക്കി എന്ന് പറഞ്ഞതുകൊണ്ടോ വൺ ടൈം സെറ്റിൽമെന്റ് പ്രഖ്യാപിച്ചതുകൊണ്ടോ ഇതിന് പരിഹാരമാവില്ല. അതുകൊണ്ട് കാർഷിക കടം എഴുതിത്തള്ളുന്ന കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് എം.പി.മാരെ വിളിച്ചുകൂട്ടിക്കൊണ്ട് മുഖ്യമന്ത്രി പറഞ്ഞത് 50,000 രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമെന്നാണ്. അതിനുള്ള നടപടിപോലും ഇതുവരെയായിട്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഇത്രയും കൃഷിക്കാർ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ചർച്ചചെയ്യാതെ ഈ സഭ നടത്തിക്കൊണ്ടു പോകുന്നത് ആ കൃഷിക്കാരോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയായിരിക്കും. ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങളെ നോക്കി പരിഹസിക്കുന്ന ഈ മന്ത്രിസഭയുടെ ഈ സ്ഥിതിയെ സംബന്ധിച്ച് ചർച്ച ചെയ്യാനും കേന്ദ്രത്തിൽ നിന്ന് നമുക്ക് കിട്ടേണ്ട ആനുകൂല്യം നഷ്ടപ്പെടുത്തിയ ഈ ഗവൺമെന്റിന് തുടരാൻ അവകാശമില്ല എന്നുള്ള കാര്യം ഈ സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനും വേണ്ടി ഇന്നത്തെ സഭാനടപടികൾ പൂർണ്ണമായി നിറുത്തിവച്ചുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാനുള്ള അവസരം ബഹുമാനപ്പെട്ട ചെയർ സൃഷ്ടിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, (ബഹളം).....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: Yes.....Yes .....please resume your seat.....please resume your seat ..... (ബഹളം).....(ബഹളം).....

ശ്രീമതി കെ. ആർ. ഗൗരിയമ്മ: (ബഹളം).....സർ, കേരളത്തിൽ കൃഷിക്കാരൻ മരിച്ചിട്ടുണ്ടെങ്കിൽ ഒരു കാരണവശാലും അത് ഒളിച്ചുവയ്ക്കുന്ന സ്വഭാവം കേരളാ ഗവൺമെന്റിനില്ല. അതുകൊണ്ടാണ് മുഖ്യമന്ത്രി ഈ നിയമസഭയിലും കേന്ദ്രത്തിലും റിപ്പോർട്ട് കൊടുത്തത്. മരിച്ചു എന്നുള്ള നിലയിൽ ഈ ഗവൺമെന്റിന് ഒളിച്ചുവച്ചിട്ട് യാതൊരു കാര്യവുമില്ല. പാർലമെന്റിൽ നിന്ന് ചോദ്യം ചോദിച്ചത് ഈ ആറു മാസത്തിനിടയ്ക്ക് കഴിഞ്ഞ കാലത്തേക്കാൾ എന്തുമാത്രം കൂടിയിട്ടുണ്ട് എന്നാണ്. അതാണ് ചോദ്യം. increase during the last six months എന്നാണ്, ആ ചോദ്യത്തിനാണ് മറുപടി കൊടുക്കുക. അല്ലാതെ മരിച്ചവരുടെ കണക്കല്ല. അതാണ്, കഴിഞ്ഞ പ്രാവശ്യം സർ, (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: Please resume your seat .....please resume your seat .....please.....please.....മന്ത്രി മറുപടി പറയട്ടെ, yes.....yes.....

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഇത് പറയിപ്പിക്കാതെ കാര്യം ജയിക്കാനാണെങ്കിൽ അങ്ങനെ അനുവദിക്കാൻ പോകുന്നില്ല..... (ബഹളം).....(ബഹളം).....എന്റെ ഒച്ചയും.....ബാക്കിയുള്ള വരുടെ ഒച്ചയുമായിട്ട്.....(ബഹളം).....കാര്യം പറയിപ്പിക്കാതെ, മരിച്ച കൃഷിക്കാരന് സഹായം കൊടുക്കാനല്ല, രാഷ്ട്രീയ നേട്ടത്തിനാണ് ഇവരുടെ ശ്രമം. ജനങ്ങളുടെ ഇടയിൽ പുകമറ സൃഷ്ടിക്കുക, ഇതാണ് കുറച്ചുനാളായി അരങ്ങേറുന്നത്. കഴിഞ്ഞ ദിവസം എനിക്ക് പാർലമെന്റിൽ നിന്ന് കിട്ടിയ ചോദ്യവും ഞാൻ മേശപ്പുറത്ത് വയ്ക്കാം. ചോദ്യത്തിനുള്ള മറുപടി ഞാൻ മേശപ്പുറത്തു വച്ചിരുന്നു. ഇന്നും വയ്ക്കുന്നു. യഥാർത്ഥ സ്ഥിതി അറിയാനല്ല, ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് രാഷ്ട്രീയ നേട്ടത്തിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ആറുമാസത്തിനിടയിൽ കൃഷിക്കാരുടെ ആത്മഹത്യ കൂടിയിട്ടുണ്ടോ എന്ന ചോദ്യത്തിന് വിവരം ശേഖരിച്ചുവരുന്നു; എന്നാണ് മറുപടി. ആ മറുപടി മരണം സംഭവിച്ചിട്ടില്ലാ എന്ന് പ്രചരിപ്പിക്കുന്നവർക്ക് എന്തോ തകരാറുണ്ട്. ഡോക്ടർമാരെ കാണേണ്ടതാണ്..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ല എന്ന് കാണുന്നതിനാൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു. (ബഹളം).....

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് ഗുരുതരമായ പ്രശ്നമാണ്. (ബഹളം).....

(ഈ സമയം ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറയണമെന്നും മുഖ്യമന്ത്രി എവിടെയാണെന്നും ചോദിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലേക്ക് ഇറങ്ങി വരികയും മുദ്രാവാക്യം മുഴക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അടുത്ത നടപടിയിലേക്ക് കടക്കുന്നതിനെതുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭവിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനുള്ളിൽ തിരിച്ചുവരുകയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) തൃശൂർ കോൾ കൃഷി മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, തൃശൂർ ജില്ലയിലെ മുപ്പതിനായിരത്തോളം ഏക്കർ വരുന്ന കോൾ കൃഷി മേഖല, അറബിക്കടലിന്റെ തീരപ്രദേശമായ ചേറ്റുവ അഴിമുഖത്തുനിന്നും ആറേഴു കിലോമീറ്റർ അകലെ കിടക്കുന്നു. ഈ മേഖല സമുദ്രനിരപ്പിൽനിന്നും രണ്ടുമൂന്ന് മീറ്റർ താഴ്ന്നു കിടക്കുന്നതിനാൽ കൃഷിയാവശ്യത്തിന് പെട്ടിയും പറയും മോട്ടോറുമൊക്കെ ഉപയോഗിച്ച് വെള്ളമടിച്ചാണ് കൃഷി ചെയ്യുന്നത്. കോൾ മേഖലയുടെ പുരോഗതിക്ക് സർക്കാർ പല പദ്ധതികളും ആവിഷ്ക്കരിച്ചിരുന്നു. വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കോൾ മേഖലയെ ഏകീകരിക്കുന്നതിന് കോൾ ഡവലപ്മെന്റ് അതോറിറ്റി രൂപീകരിച്ചു. ജില്ലാ കളക്ടർ ചെയർമാനായ കെ.ഡി.എ.-യുടെ പ്രവർത്തനങ്ങൾ കെ.എൽ.ഡി.സി.-യാണ് നിർവ്വഹിച്ചിരുന്നത്. നാളിതുവരെ വിവിധ ജോലികൾ ചെയ്തുതീർത്ത വകയിൽ ഏഴുകോടി അമ്പത്തിമൂന്ന് ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ബഡ്ജറ്റ് അലോക്കേഷനില്ലാതെയും എ.എസ്. ലഭിക്കാതെയും തുടങ്ങിയ പണികൾക്കാണ് ഏറെയും കൊടുത്തുതീർക്കാനുള്ളത്. അതാതു പ്രദേശത്തെ പാടശേഖര കമ്മിറ്റി പ്രസിഡന്റുമാരാണ് കൺവീനർമാരായി ജോലി ചെയ്യിച്ചിട്ടുള്ളത്. സഹകരണ സ്ഥാപനങ്ങളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പലിശയ്ക്ക് കടം വാങ്ങി പണികൾ നടത്തിയ പാടശേഖര പ്രസിഡന്റുമാരും കമ്മിറ്റി ഭാരവാഹികളും പണം തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മഹത്യയുടെ വക്കിലാണ് നിൽക്കുന്നത്. ഇതിനിടയിൽ വലിയ കോൺട്രാക്ടർമാർ ഹൈക്കോടതിയെ സമീപിച്ച് മൂന്ന് മാസത്തിനുള്ളിൽ അവർക്ക് കൊടുക്കാനുള്ള കുടിശ്ശിക (3.5 കോടി രൂപ) കൊടുക്കാൻ ഹൈക്കോടതി ഉത്തരവായിരിക്കുകയാണ്. മുൻഗണനാ ക്രമത്തിൽ കോൺട്രാക്ടർമാർക്ക് പണം കൊടുക്കണമെന്ന് മറ്റൊരു വിധിയുള്ളതിനാലും, ഇപ്പോൾ പണി ചെയ്തുകൊണ്ടിരിക്കുന്ന കോൺട്രാക്ടർമാർക്ക് പണം കൊടുക്കാൻ സാധിക്കാത്തതിനാലും എല്ലാ പണികളും മുടങ്ങിക്കിടക്കുകയാണ്. കോൾ കാർഷിക മേഖലയിലെ മുഴുവൻ പ്രവർത്തനവും മുടങ്ങിക്കിടക്കുകയാണ്. മൊത്തം ഏഴുകോടി അമ്പത്തിമൂന്ന് ലക്ഷം രൂപ അടിയന്തിരമായി തൃശൂരിലെ കോൾ ഡെവലപ്മെന്റ് ഏജൻസിക്ക് കൊടുത്തെങ്കിൽ മാത്രമേ അവർ നടത്തിക്കൊണ്ടിരിക്കുന്ന പണികൾ

10.00 a. m.]

LIBRARY ARCHIVES Kerala Legislative Assembly